**ഹോളണ്ടിലെ കമ്മ്യൂണിസ്റ്റ്
പാർട്ടിയുടെ പോളിറ്റ് ബ്യൂറോ യോഗം
കഴിഞ്ഞിറങ്ങുന്ന നേതാക്കന്മാരെ
അഭിവാദ്യം ചെയ്യാൻ പോയിട്ടെന്തായി ?!**

**രാജുറാഫേൽ**

# ഹേഗിലെ പോളിറ്റ് ബ്യൂറോ

**കനത്ത** മഞ്ഞുവീഴ്ചയോടെയാണ് തിങ്കളാഴ്ച നേരം പുലർന്നത്. പുറത്തിറങ്ങിയപ്പോൾ ഹോസ്റ്റലിന് മുന്നിലെ റെയിൽവേ സ്റ്റേഷൻ പോലും ശരിക്ക് കാണാൻ കഴിയുന്നില്ല. എമയുടെ സുഹൃത്തിന്റെ സൈക്കിളിൽ ആർ.എൻ.ടി.സിയിലേക്ക് പോകാനുള്ള തീരുമാനം ഞാൻ മാറ്റി. ഈ മൂടൽ മഞ്ഞിലൂടെ സൈക്കിൾ ചവിട്ടുന്നത് അത്ര പന്തിയാകില്ല എന്ന് എനിക്ക് തോന്നി. റെയിൽവേ സ്റ്റേഷന്റെ ഓവർ ബ്രിഡ്ജിലൂടെ പതുക്കെ ബസ്റ്റോപ്പിലേക്ക് നടന്നു. ബസ്റ്റോപ്പിലാണെങ്കിൽ ആരുമില്ല. തിങ്കളാഴ്ചകളിൽ ഓഫീസുകളും കടകളുമൊക്കെ ഉച്ചയോടെ മാത്രമേ പ്രവർത്തിച്ചു തുടങ്ങൂ. ഹാങ്ങ് ഓവർ അവധിയാണ് ഉച്ചവരെ. സ്കൂളുകൾക്ക് ഇത് ബാധകമല്ലാത്തതിനാൽ റോഡിൽ കുട്ടികളെയെങ്കിലും കാണുമെന്നാണ് കരുതിയത്. പക്ഷെ ആരുമില്ല. തണുപ്പിനെ പേടിച്ച് ചില്ലുകൂടുപോലുള്ള ബസ്റ്റോപ്പിനകത്തേക്ക് കയറിനിന്നു.

പെട്ടെന്ന് ബസ്സ് സ്റ്റോപ്പിനോട് ചേർന്നുള്ള ചുവന്ന സൈക്കിൾ പാതയിലൂടെ നാല് കുട്ടിസൈക്കിളുകൾ പാഞ്ഞുപോയി. എന്നെ കണ്ടപ്പോൾ അതിലൊരു മഞ്ഞ സൈക്കിൾ പോയതിനേക്കാൾ സ്പീഡിൽ തിരിച്ചു വന്നു. "ര്‍രാജു, യു ഗൂദ് ? വാർ ഈസ് ടിന?" (രാജു, സുഖമാണോ? ടിന എവിടെ ?), ചോദ്യം കേട്ട് ഞാൻ ചില്ലുകൂടിൽ നിന്ന് പുറത്തിറങ്ങി. ഹോസ്റ്റലിന് തൊട്ടടുത്തുള്ള ബുസ്സും സ്യൂദ് ഗ്രാമത്തിൽ താമസിക്കുന്ന വാൻ ഡെർ മീർ എന്ന പത്ത് വയസ്സുകാരനാണ്. സെമിത്തേരിയുടെ മുറ്റത്ത് ഫുട്ബോൾ കളിക്കാൻ ചില വൈകുന്നേരങ്ങളിൽ അവനും ഞങ്ങളോടൊപ്പം കൂടാറുണ്ട്. അടുത്തുള്ള സ്കൂളിൽ മൂന്നാം ക്ളാസ്സിൽ പഠിക്കുന്നു. തടാകത്തിന്റെ പുത്രൻ എന്നാണ് വാൻ ഡെർ മീർ എന്ന ഡെച്ചു പേരിന്റെ അർത്ഥം. എന്നെയും ടിനയെയും വലിയ കാര്യമാണ് അവന്. ഒരു ദിവസം അവന്റെ കൂടെ ചെന്നാൽ സൈക്കിളിൽ നൂർദ് ഹോളണ്ട് (ബുസ്സുമും ഹിർവർസവും ഉൾപ്പെടുന്ന വടക്കൻ ഹോളണ്ട് പ്രവിശ്യ-ഇത്തരം 12 പ്രവശ്യകളാണ് ഹോളണ്ടിൽ ഉള്ളത്) മുഴുവൻ കറങ്ങാം, കൂട്ടത്തിൽ അവന്റെ പ്രിയ കൂട്ടുകാരിയായ ജെമീമയെ പരിചയപ്പെടുത്തിതരികയും ചെയ്യാം എന്നാണവന്റെ വാഗ്ദാനം. ഇന്ന് അവന് പരീക്ഷാ ദിവസമാണ്. അവന്റെ ഭാഷയിൽ പറഞ്ഞാൽ ഹോളണ്ടിലെ കുട്ടികളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരീക്ഷ- സൈക്കിൾ പരീക്ഷ. പത്ത് വയസ്സിനും പതിനൊന്ന് വയസ്സിനും ഇടയിലാണത്രേ ഈ പരീക്ഷ എഴുതേണ്ടത്. സൈക്കിളുമായി ബന്ധപ്പെട്ട ട്രാഫിക് നിയമങ്ങൾ, മാന്യമായി സൈക്കിളോടിക്കേണ്ട രീതികൾ, അത്യാവശ്യം സൈ

ക്കിൾ റിപ്പയറിങ്, തുടങ്ങിയ മേഖല കൾ ഉൾപ്പെട്ട, വൈവയോട് കൂടിയ, പ്രാക്ടിക്കൽ പരീക്ഷയാണ് അത്. ഈ പരീക്ഷ പാസ്സാകുന്നതോടെ ഹോളണ്ടിലെ കുട്ടികൾ മുതിർന്ന സൈക്കിൾ പൗരന്മാരാകും.

വാൻ ഡെർ മീറിന്റെ തലയിൽ ത ലോടി ഞാൻ പരീക്ഷയിലെ മികച്ച വിജയത്തിനായി ആശംസകൾ നേർ ന്നു. വൈകീട്ട് കാണാം എന്ന ഉറപ്പോ ടെ അവൻ വേഗത്തിൽ സൈക്കിളോടി ച്ചു പോയി. രണ്ടു വയസ്സുമുതൽ സൈക്കിൾ ചവിട്ടുന്ന ഇവന് ഇനി എ ന്തിനാണൊരു സൈക്കിൾ പരീക്ഷ എ ന്നാലോചിച്ച് ഞാൻ പുറകേ വന്ന ഹിൽവർസം ബസ്സിൽ കയറി.

ക്ളാസ്സ് റൂം പതിവുപ്പോലെ തന്നെ സജീവം, ക്ളാസ്സു തുടങ്ങി ഒരു മണി ക്കൂർ കഴിഞ്ഞപ്പോൾ പത്തരയോടെ ടി ന കയറി വന്നു. ടിന ഇന്ന് വളരെ നേ രത്തെ എത്തിയിരിക്കുന്നു, എല്ലാവരും ഒന്ന് കയ്യടിച്ച് പ്രോത്സാഹിപ്പിക്ക് എ ന്ന കോഴ്സ് കോഡിനേറ്റർ അബിയു ടെ കളിവാക്കുകേട്ട്, മറ്റ് സഹപാഠിക ളുടെ കൂട്ടത്തിൽ കൂടി കയ്യടിച്ച എ ന്നെ, വർഗ്ഗവഞ്ചകൻ എന്ന മട്ടിൽ തറ പ്പിച്ച് നോക്കി അവൾ ഒരു മൂലയിൽ പോയി ഒതുങ്ങിയിരുന്നു.

വൈകീട്ട് അഞ്ച് മണിക്ക് ക്ളാസ്സ് അവസാനിച്ചപ്പോഴും കാലാവസ്ഥക്ക് മാറ്റമൊന്നുമില്ല. ദിവസം മുഴുവൻ നീ ണ്ടുനിന്ന മഞ്ഞുവീഴ്ച മൂലം റോഡരി കിലെങ്ങും ഐസ് പാളികൾ കാണാം. ഇന്ന് ഇനി ഫുട്ബോൾ കളിയോ, സൈക്കിളിൽ കറക്കമോ നടക്കില്ല എ ന്ന് മനസ്സിലായി. ക്ളാസ്സ് കഴിഞ്ഞാൽ ഉടനേ ആംസ്റ്റർഡാമിലേക്ക് ഓടുന്ന ഖായയും ബെന്നും കൂട്ടരുമൊക്കെ ന ല്ല കുട്ടികളായി ബസ്സിൽ കയറി ഹോ സ്റ്റലിലേക്ക് നീങ്ങുന്നു. അടുത്ത ബ സ്സിൽ പോകാമെന്ന് ഉറച്ച് ഞാനും ഡാംമ്പറും ടിനയും ബസ്സ് സ്റ്റോപ്പിലെ ചില്ലുകൂടിലിരുന്നു ചുരുട്ടിന് തീ കൊ ളുത്തി.

തുടർന്നുള്ള ദിവസങ്ങളിലും മ ഞ്ഞ് വീഴ്ച അനുസ്യൂതം തുടർന്നു. വെള്ളിയാഴ്ചയായതോടെ ഒഴിവുദിവ സമായ ശനിയും ഞായറും എവിടെ ചെലവഴിക്കണം എന്നതിനെ കുറിച്ച് ക്ളാസ്സിൽ ചർച്ചകൾ സജീവമായി. ഡാംമ്പറും കിബ്രിയും മാത്രം ഈ ചർച്ചകളിൽ താല്പര്യമില്ലെന്ന മട്ടിൽ മാറിയിരിക്കുകയാണ്. മറ്റ് എങ്ങോട്ടും ഇല്ല, ആഴ്ചയവസാനം മുഴുവൻ റെ ഡ് ഡിസ്ട്രിക്കിൽ തന്നെ എന്ന് സ്വകാ



ലേഖകൻ അന്താരാഷ്ട്ര നീതിന്യായ കോടതിക്ക് മുന്നിൽ

ര്യമായി തീരുമാനിച്ചിരിക്കുകയാണ് അവർ. ടിനയാകട്ടെ അവളുടെ ഒരു റ ഷ്യൻ സുഹൃത്തിന്റെ പാരിസ്സിൽ നട ത്തുന്ന ചിത്രപ്രദർശനം വിജയിപ്പിക്കാ നായി വെള്ളിയാഴ്ച രാത്രിയിലെ ട്രെ യിനിൽ തന്നെ പോകുകയാണ്. ഞാ നും കൂടെ പാരീസിലേക്ക് ചെല്ലണമെ ന്ന നിർബന്ധത്തിലാണ് അവൾ. യു റോപ്പിലെ പലനഗരങ്ങളിലുമായുള്ള അവളുടെ സുഹൃത്തുക്കളൊക്കെ അ വിടെ ഒത്തുചേരുമത്രേ. അത് കേട്ട തോടെ, പാരിസ് ഞാൻ ഒഴിവാക്കി. ആഫ്രിക്കൻ പെണ്ണുങ്ങളുടെ ഗാങ്ങ് ആകട്ടെ ജർമ്മനിയിലേക്കാണ് പോകു ന്നത്. ബർലിനും ഫ്രാങ്ക്ഫുർട്ടുമാണ് അവരുടെ ലക്ഷ്യകേന്ദ്രങ്ങൾ. അവരു ടെ ചങ്ങാതിമാർ അവിടെയുണ്ട്. അ ക്കൂട്ടത്തിൽ ചേരണോ എന്ന് സംശയി ച്ചു നിൽക്കുമ്പോൾ എഫീ എന്ന് എ ല്ലാവരും വിളിക്കുന്ന എഫ്രേം തായ എന്ന കെനിയക്കാരൻ വേറിട്ടൊരു പ ദ്ധതിയുമായി എന്നെ സമീപിച്ചു. മറ്റ് എവിടേക്കും പോകുന്നില്ലെങ്കിൽ ന മ്മൾക്ക് രണ്ടാൾക്കും കൂടി ഹേഗിലേ ക്ക് പോകാം, രണ്ട് ദിവസം അവിടെ സൈക്കിളിൽ കറങ്ങാം എന്നാണവന്റെ നിർദ്ദേശം. ഹോളണ്ടിൽ പഠിക്കാൻ വ ന്നിട്ട് ലോക സാംസ്കാരിക തലസ്ഥാ നമായ ഹേഗ് സന്ദർശിക്കാതിരിക്കുന്ന ത് എങ്ങിനെ എന്നാണവന്റെ ചോദ്യം. അതു കേട്ടതോടെ ഞാൻ അവന് കൈകൊടുത്തു, ശനിയും ഞായറും ഹേഗിൽ തന്നെ എന്നുറപ്പിച്ചു.

വെള്ളിയാഴ്ച അഞ്ച് മണിക്ക് ക് ളാസ്സ് അവസാനിച്ചപ്പോൾ കോന്നി മ ദാമ്മയെത്തി ഓരോരുത്തർക്കുമുള്ള വാരാന്ത്യ പോക്കറ്റ് മണി വിതരണം ചെയ്തു. ടിനയെ പാരീസ് ട്രെയിനിൽ കയറ്റി വിട്ട് ഞാനും എഫിയും ഹേഗ് യാത്രക്കായുള്ള ടിക്കറ്റ് മെഷീനിൽ നി ന്ന് എടുത്തു. ആംസ്റ്റർഡാമിൽ നിന്ന് രാവിലെ ആറ് മണിക്കാണ് ശനിയാഴ് ചയിലെ ആദ്യ ഹേഗ് ട്രെയിൻ. അ തിൽ തന്നെ പോകാൻ ഞങ്ങളുറച്ചു. എഫിക്ക് സൈക്കിൾ ഇല്ലാത്തതിനാൽ എന്റെ സൈക്കിളിനുള്ള ടിക്കറ്റ് എടു ത്തില്ല. ഹേഗിലെത്തിയ ശേഷം രണ്ട് ദിവസത്തേക്ക് സൈക്കിൾ വാടകക്ക് എടുക്കാനാണ് ഞങ്ങളുടെ പദ്ധതി.

ശനിയാഴ്ച രാവിലെ എട്ടരയോടെ ഞങ്ങൾ ഹേഗിലെത്തി. എട്ടാം ക്ളാ സ്സിലെ പൗരധർമ്മം പാഠപുസ്തക ത്തിൽ അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ ആസ്ഥാനമായ ഹേഗി നെകുറിച്ച് പഠിച്ചിട്ടുള്ളതാണ്. ഇവിടെ വരാൻ കഴിയുമെന്ന് ഒരിക്കൽപ്പോലും കരുതിയതല്ല. പത്രപ്രവർത്തന പഠന ത്തിന്റെ ഭാഗമായി യൂറോപ്പിലെ പല നഗരങ്ങളിലും കറങ്ങിയിട്ടുണ്ടെങ്കിലും ഹേഗിലേക്ക് ഒരു യാത്ര അതിലൊ ന്നും ഉൾപ്പെട്ടിരുന്നില്ല. ഹേഗിൽ വരാ തെ ഇന്ത്യയിലേക്ക് മടങ്ങിയിരുന്നെ ങ്കിൽ അതെത്ര നഷ്ടമായേനെ എന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു തുടർ

ന്നുള്ള രണ്ട് ദിവസങ്ങൾ.

മറ്റ് ഒരു രാജ്യത്തിനും ഇല്ലാത്ത ഒരു പ്രത്യേകത ഹോളണ്ടിന് ഉണ്ട്. ഹോളണ്ടിന്റെ തലസ്ഥാനം ആംസ്റ്റർഡാം ആണെങ്കിലും സർക്കാരിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നത് മറ്റൊരു നഗരത്തിലാണ്. ഡാൻ ഹാഗ് എന്ന് ഡച്ചുകാർ വിളിക്കുന്ന ഹേഗാണ് ഹോളണ്ടിന്റെ ഭരണകേന്ദ്രം. ഹോളണ്ടിന്റെ രാജകൊട്ടാരവും സ്ഥിതിചെയ്യുന്നത് ഹേഗിൽ തന്നെ. ഇന്ത്യയുടേത് ഉൾപ്പെടെയുള്ള രാജ്യങ്ങളുടെയെല്ലാം എംബസികൾ പ്രവർത്തിക്കുന്നതും തലസ്ഥാനമായ ആംസ്റ്റർഡാമിൽ അല്ല, ഹേഗിലാണ്. അന്താരാഷ്ട്ര നീതിന്യായ കോടതി ഉൾപ്പടെ 131 അന്താരാഷ്ട്ര സംഘടനകളുടെ ആസ്ഥാനം കൂടിയാണ് ഹേഗ്. ആകെ ജനസംഖ്യ അഞ്ച് ലക്ഷത്തോളം. ഇതിൽ പകുതി മാത്രമേ ഡച്ചുകാർ ഉള്ളൂ. ബാക്കിയുള്ളവർ വിവിധ രാജ്യങ്ങളിൽ നിന്ന് കുടിയേറിയവരും, അന്താരാഷ്ട്ര സംഘടനകളിലെ ജീവനക്കാരുമാണ്.

മൊത്തത്തിൽ ഒരു നയതന്ത്ര സ്വഭാവമാണ് ഹേഗ് നഗരത്തിന്. എങ്ങും ശാന്തത. റോഡിലൂടെ പാഞ്ഞുപോകുന്നതിലേറെയും വിവിധ രാജ്യങ്ങളുടെ നയതന്ത്ര കാര്യാലയങ്ങളുടെ വാഹനങ്ങൾ. നടപ്പാതയിലൂടെ കടന്നുപോകുന്നവരുടെ മുഖത്തെല്ലാം, ഞങ്ങൾ ചില്ലറക്കാരല്ല, കുലീനരായ നയതന്ത്ര ഉദ്യോഗസ്ഥരാണ് എന്ന ഭാവം. ആംസ്റ്റർഡാമിൽ കാണുന്നതുപോലെ കഞ്ചാവും മരിജുവാനയും പുകച്ച്, അലസമായി നടക്കുന്നവരുടെ പൊടി പോലും ഇല്ല. ഡച്ച് സംസ്കാരത്തിന്റെ മുഖമുദ്രയായ ചുവന്ന തെരുവുകൾ ഹേഗിലില്ല. ലോക സാംസ്കാരിക കേന്ദ്രത്തിന്റെ അഹന്തയോടും ആഢ്യത്തോടും കൂടി തലയുയർത്തി നിൽക്കുകയാണ് ഹേഗ്. എവിടെ തിരിഞ്ഞ് നോക്കിയാലും വലിയ മ്യൂസിയങ്ങൾ. യൂറോപ്പിലെ മഹാന്മാരായ പല ചിത്രകാരന്മാരുടെയും പ്രശസ്ത രചനകൾ ഈ മ്യൂസിയങ്ങളിൽ ആസ്വാദകരെ കാത്തിരിക്കുന്നു. സംഗീതപരിപാടികളും നാടകോത്സവങ്ങളും കൊണ്ട് സജീവമായ നിരവധി തിയ്യറ്ററുകൾ. പൊതുവേ വേലികളും മതിൽക്കെട്ടുകളും ഇല്ലാത്ത നഗരമാണ് ഹേഗ്. ബ്രിട്ടനെപ്പോലെ പേരിന് രാജ്യഭരണമുള്ള ഹോളണ്ടിലെ രാജ്ഞി ബിയാട്രിസിന്റെ കൊട്ടാരത്തിന് പോലും മതിൽക്കെട്ടില്ല! നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് ഹേഗിന്റെ സാംസ്കാരിക പാരമ്പര്യത്തിന്. 750 വർഷം മുൻപ് വില്യം രണ്ടാമൻ രാജാവ് പണിതീർത്ത രാജസദസ്സാണ് ഇപ്പോഴത്തെ പാർലിമെന്റ് മന്ദിരം. 'സിറ്റി ഓഫ് പീസ് ആന്റ് ജസ്റ്റിസ്' എന്ന് അറിയപ്പെടുന്ന ഹേഗ് പരിസ്ഥിതി സംരക്ഷണത്തിന് ലോക മാതൃകയാണ്. ഹേഗിലെ രാജപാതകളെല്ലാം നൂറ്റാണ്ടുകൾ പഴക്കമുള്ള കൂറ്റൻ മരങ്ങളാൽ അതിരിട്ടതാണ്. 70,000 മരങ്ങളാണ് ഹേഗിലെ പാതകൾക്ക് അരികിൽ തലയുയർത്തി നിൽക്കുന്നത്. 1576-ൽ തന്നെ ഹേഗിൽ മരങ്ങൾ (നഗരത്തിലെയും കാട്ടിലെയും) മുറിക്കുന്നതോ വിൽക്കുന്നതോ തടഞ്ഞുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നിരുന്നു.

**ഒരുപാട് സൈക്കിൾ മര്യാദകളും കീഴ്‌വഴക്കങ്ങളുമുണ്ട് ഹേഗിന്. ആംസ്റ്റർഡാമിലെ പോലെ തോന്നിയ സ്ഥലത്തൊന്നും സൈക്കിൾ പാർക്ക് ചെയ്യാൻ പാടില്ല. അങ്ങിനെ ചെയ്താൽ അല്പസമയത്തിനുള്ളിൽ നഗരസഭാ അധികൃതർ സൈക്കിൾ അവിടെ നിന്ന് നീക്കം ചെയ്യും**

വാൻഗോഗിനെയും മൊസാർട്ടിനെയും പോലുള്ള കലാകാരന്മാരെ മാത്രമല്ല, റഷ്യയിലെ പീറ്റർ ചക്രവർത്തിയേയും ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന സർ വിൻസ്റ്റൺ ചർച്ചിലിനെയും പോലുള്ള ഭരണാധികാരികളെയും ഹേഗ് മോഹിപ്പിച്ചു, വിസ്മയിപ്പിച്ചു. 1948-ൽ ഹേഗിൽ വെച്ചാണ് വിസ്റ്റൺ ചർച്ചിൽ ആദ്യമായി ഏകീകൃത യൂറോപ്പ് എന്ന ആശയം മുന്നോട്ട് വെച്ചത്. ചർച്ചിലിന്റെ ഏകീകൃത യൂറോപ്പ് എന്ന ആശയം പിന്നീട് യൂറോപ്യൻ യൂണിയനായി നിലവിൽ വരുന്നതിന് നമ്മുടെ തലമുറ സാക്ഷ്യം വഹിച്ചു.

ഹേഗിന്റെ പ്രൗഢിയിൽ ലയിച്ച്, പരിസരബോധം നഷ്ടപ്പെട്ട് നിന്ന എന്നെ എഫീ പുറത്ത് തട്ടി ഉണർത്തി. സൈക്കിൾ വാടകക്ക് കിട്ടുന്ന സ്ഥലം അന്വേഷിച്ചു പോയതായിരുന്നു അവൻ. ട്രെയിനിറങ്ങി അര മണിക്കൂർ അലക്ഷ്യമായി കറങ്ങി നടന്ന ശേഷമാണ് ഇനി ഊരുചുറ്റൽ സൈക്കിളിലാകാമെന്ന് ഞങ്ങൾ തീരുമാനിച്ചത്. പക്ഷെ എവിടെ സൈക്കിൾ കിട്ടുമെന്ന് അറിയില്ല. അല്പ നേരത്തെ അന്വേഷണത്തിന് ശേഷം സൈക്കിളിന്റെ പടം വരച്ച് വെച്ചിട്ടുള്ള വലിയൊരു കെട്ടിടം അവൻ കണ്ടുപിടിച്ചു. അവിടെനിന്ന് സൈക്കിൾ കിട്ടുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ അങ്ങോട്ടു നടന്നു. എന്നാൽ അത് സൈക്കിൾ വാടകക്ക് നൽകുന്ന സ്ഥാപനമായിരുന്നില്ല. ഫെയറ്റ് (സൈക്കിൾ) ഡിപ്പോ ആയിരുന്നു അത്. ഒരുപാട് സൈക്കിൾ മര്യാദകളും സൈക്കിൾ കീഴ്‌വഴക്കങ്ങളുമുണ്ട് ഹേഗിന് സ്വന്തമായി. ആംസ്റ്റർഡാമിലെ പോലെ തോന്നിയ സ്ഥലത്തൊന്നും സൈക്കിൾ പാർക്ക് ചെയ്യാൻ പാടില്ല. അങ്ങിനെ ചെയ്താൽ അല്പസമയത്തിനുള്ളിൽ തന്നെ നഗരസഭാ അധികൃതർ സൈക്കിൾ അവിടെ നിന്ന് നീക്കം ചെയ്യും. അത്തരം സൈക്കിളുകൾ സൂക്ഷിക്കുന്ന സ്ഥലമാണ് ഫെയറ്റ് ഡിപ്പോ. 13 ആഴ്ച ഇത്തരം സൈക്കിളുകൾ അവിടെ സൂക്ഷിക്കും. ഇതിനിടയിൽ ഉടമസ്ഥന് 15 യൂറോ ഫൈൻ അടച്ച്, ഉടമസ്ഥാവകാശത്തിനുള്ള തെളിവ് ഹാജരാക്കി സൈക്കിൾ അവിടെ നിന്ന് കൊണ്ടുപോകാം. ഉടമസ്ഥൻ ഹാജരാകാത്ത സൈക്കിളുകൾ 13 ആഴ്ച കഴിഞ്ഞാൽ നഗര സഭയുടെ സ്വത്തായി മാറും. സൈക്കിൾ മോഷണം തടയാനായി ഫ്രെയിമിൽ ഐഡന്റിഫിക്കേഷൻ നമ്പർ കൊത്തി നൽകുന്ന സേവനവും ഫെയറ്റ് ഡിപ്പോ നൽകുന്നു. അന്യനാട്ടിൽ നിന്നുള്ള പത്രപ്രവർത്തകരാണെന്ന് അറിഞ്ഞപ്പോൾ ഡിപ്പോയിലെ ഒരു ഓഫിസ്സർ തന്നെയാണ് ഇത്രയും കാര്യങ്ങൾ ഞങ്ങൾക്ക് വിശദീകരിച്ച് തന്നത്. റെയിൽവേ സ്റ്റേഷനിൽ നിന്നോ അതിന് അടുത്തുള്ള സ്ഥാപനങ്ങളിൽ നിന്നോ സൈക്കിൾ വാടകക്ക് എടുക്കാൻ അദ്ദേഹം ഞങ്ങളെ ഉപദേശിക്കുകയും ചെയ്തു.

അവിടെനിന്ന് ആദ്യം കണ്ട ട്രാമിൽ കയറി റെയിൽവേ സ്റ്റേഷനിൽ വീണ്ടുമെത്തി. സ്റ്റേഷന്റെ കടയിൽ നിന്ന് രണ്ട് സൈക്കിളുകൾ വാടകക്ക് എടുത്തു. വാടക ഒരു സൈക്കിളിന് രണ്ട് ദിവസത്തേക്ക് 24 യൂറോ. വാടക മുൻകൂർ കൊടുത്ത് സൈക്കിളുമെടുത്ത് പുറപ്പെടാൻ തുടങ്ങിയപ്പോൾ സമീപത്ത് നിന്ന വനിതാ പോലിസ് ഓഫിസ്സർ തടഞ്ഞു നിറുത്തി. ഹേഗിലെ സൈക്കിൾ മര്യാദകളെ കുറിച്ച് 10 മിനിറ്റ് അവരുടെ വക ക്ളാസ്സ്. വിദേ

ശികളായതുകൊണ്ടാണ് ഇത്രയും വിശദമായി പറയുന്നത് എന്ന ആമുഖത്തോടെയാണ് ക്ളാസ്സ് തുടങ്ങിയത്.

ഫെയറ്റ് പാസ്സിലൂടെ (സൈക്കിൾ പാതയിലൂടെ) മാത്രമേ സൈക്കിളോടിക്കാവൂ, വലതുവശത്തുകൂടെ സൈക്കിൾ ചവിട്ടണം, മദ്യമോ മയക്കുമരുന്നോ ഉപയോഗിച്ച ശേഷം സൈക്കിൾ ഓടിക്കരുത്, ട്രാഫിക്ക് ജംഗ്ഷനുകളിൽ ആദ്യം സൈക്കിൾ കടന്നുപോയതിന് ശേഷമേ മോട്ടോർവാഹനങ്ങൾ കടക്കൂ, മുൻഗണന നിങ്ങൾക്കാണ്, ചുവന്ന വട്ടത്തിനുള്ളിൽ കുറുകെ വെള്ളവരയുള്ള ബോർഡു കണ്ടാൽ ഒരു നിയന്ത്രണവുമില്ലാതെ സൈക്കിൾ ഓടിക്കാം എന്നാണ് അർത്ഥം, രണ്ട് സൈക്കിൾ യാത്രക്കാർക്ക് സംസാരിച്ചുകൊണ്ട് ഒരുമിച്ച് സൈക്കിൾ ചവിട്ടാൻ വീതിയുള്ള പാതകളിൽ അത്തരം ചിഹ്നമുള്ള ബോർഡ് കാണാം എന്നിങ്ങനെ പോയി ആ വനിതാ ഓഫിസ്സറുടെ നിർദ്ദേശങ്ങൾ. അവസാനം ഇതെല്ലാം വിശദീകരിക്കുന്ന ഒരു കൊച്ചു പുസ്തകവും ഞങ്ങൾക്ക് സമ്മാനിച്ചു ആ ഓഫിസർ.

അവരോട് നന്ദി പറഞ്ഞ്, ലോക നീതിന്യായ കോടതി ആസ്ഥാനത്തേക്കുള്ള വഴി അവരോട് തന്നെ ചോദിച്ച് മനസ്സിലാക്കി ഞങ്ങൾ വേഗം അവിടേക്ക് സൈക്കിൾ ഓടിച്ചു. ഹേഗ് നഗരത്തിൽ മാത്രം 68 കിലോ മീറ്റർ സൈക്കിൾ പാതയുണ്ട്. എല്ലാ സ്ഥലങ്ങളിലും സൈക്കിളിൽ എത്താം. സമീപത്തുള്ള ചെറു പട്ടണങ്ങൾ കൂടി ഉൾപ്പെടുന്ന ഹേഗ് പ്രവിശ്യയിലാകട്ടെ 400 കിലോമീറ്ററിലധികമാണ് സൈക്കിൾ പാതയുടെ നീളം. പത്ത് മിനിട്ടിനുള്ളിൽ അന്താരാഷ്ട്ര നീതിന്യായ കോടതിയിലെത്തി. ശനിയാഴ്ച ആയതുകാരണം കോടതി പ്രവർത്തിക്കുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുള്ള പ്രമുഖ ലോക സംഭവവികാസങ്ങളെ പ്രതിബാദിക്കുന്ന ഗ്യാലറി സന്ദർശിച്ചു. അവിടെ നിന്ന് ഇറങ്ങിയപ്പോഴേക്കും നാല് മണിയായി. ഉടനേ തന്നെ അറ്റ്ലാന്റിക് സമുദ്രം കാണണം എന്നായി എഫീ. അരമണിക്കൂർ സൈക്കിളോടിച്ചപ്പോഴേക്കും ഹേഗ് ബീച്ചിലെത്തി. അറ്റ്ലാന്റിക്കിലെ വെള്ളത്തിന് ഐസിനേക്കാൾ തണുപ്പ്. അതോടെ അന്റ് ലാന്റിക്കിൽ കുളിക്കുക എന്ന പദ്ധതി എഫീ ഉപേക്ഷിച്ചു. കടൽക്കരയിലുള്ള ഒരു സത്രത്തിലാണ് രാത്രി ഞങ്ങൾ താമസിച്ചത്.

ഞായറാഴ്ച രാവിലെ നേരത്തെ തന്നെ എണീറ്റ് സത്രമുടമയോട് യാത്ര പറഞ്ഞ് ഞങ്ങൾ സൈക്കിളിൽ കറങ്ങാനിറങ്ങി. പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ കാണുന്ന പാതയിലൂടെയെല്ലാം സൈക്കിളിൽ പായുന്നതിൽ ഒരു പ്രത്യേക രസമുണ്ട്. ഹേഗ് നഗരം നിറയെ ശിൽപ്പങ്ങളാണ്. നഗര മധ്യത്തിലെ ഒരു പഴയ കത്തീഡ്രലിന്റെ എതിർ വശത്ത് ഒരു കൂട്ടം ശിൽപ്പികൾ ചേർന്ന് ഏതോ വലിയൊരു സൃഷ്ടി നടത്തികൊണ്ടിരിക്കുന്നു. നേരം വെളുക്കുമ്പോഴേക്കും ജോലി തുടങ്ങിയിരിക്കുന്നു അവർ. നേരത്തെ നിശ്ചയിച്ചതു പോലെ 10 മണിയോടെ സിറ്റി സെന്ററിന് അടുത്തുള്ള സൺഡേ മാർക്കറ്റിലെത്തി. ലോകപ്രശസ്തമാണ് ഹേഗിലെ ഞായറാഴ്ച ചന്ത. ഹിൽവസമിലേയോ ആംസ്റ്റർഡാമിലേയോ ചന്തയിലേതു പോലെ സൈക്കിളുകളും ചീസ്സും ചോക്ലേറ്റുമൊന്നുമല്ല ഇവിടെ വിൽപ്പനക്കായി നിരത്തുന്നത്. പ്രശസ്തരായ ചിത്രകാരന്മാരുടെ രചനകൾ, മാസ്റ്റർ പീസുകളായ സാഹിത്യ കൃതികളുടെ കയ്യെഴുത്തു പ്രതികൾ, അവയുടെ കോപ്പികൾ, നൂറ്റാണ്ടുകൾ പഴക്കമുള്ള പുരാവസ്തുക്കൾ, ലോക പ്രശസ്തമായ ക്ളാസ്സിക്കുകൾ- ലോകത്തിന്റെ പൈതൃക സാംസ്കാരിക കേന്ദ്രം ഹേഗ് തന്നെയാണ് എന്ന് ഒരു സംശയത്തിനും ഇട നൽകാതെ സമർത്ഥിക്കുന്നു ഈ ഞായറാഴ്ച ചന്ത. ലക്ഷക്കണക്കിന് യൂറോ മുടക്കാൻ തയ്യാറാണെങ്കിൽ വാൻ ഗോഗിന്റെയോ റാഫേലിന്റെയോ ഒരു ഒറിജിനൽ രചന തന്നെ നിങ്ങൾക്ക് ഈ ഞായറാഴ്ച ചന്തയിൽ നിന്ന് വാങ്ങാം. അല്ലെങ്കിൽ നാനൂറോ അഞ്ഞൂറോ യൂറോ മുടക്കിയാൽ യഥാർത്ഥമെന്ന് തോന്നിപ്പിക്കുന്ന ഒരു പകർപ്പ്. ടോൾസ്റ്റോയി ഉപയോഗിച്ച പേന മുതൽ ടോൾസ്റ്റോയിയെ വരെ ഇവിടെ വാങ്ങാൻ കിട്ടുമെന്ന് തമാശ പറഞ്ഞു കൊണ്ടാണ് എഫീ ഞായറാഴ്ച ചന്തയിലേക്ക് കടന്നത്.

മൂന്ന് മണിയോടെ അവിടെ നിന്ന് മടങ്ങി. പുറത്തിറങ്ങി റെയിൽവേ സ്റ്റേഷനിലേക്കുള്ള വഴിയറിയാൻ ചൂണ്ടു പലകകൾ സ്ഥാപിച്ചിട്ടുള്ള ടവറിൽ നോക്കിയ ഞാൻ അന്തം വിട്ടു. പോസ്റ്റിലെ ഒരു പ്രധാന ചൂണ്ടു പലക പോളിറ്റ് ബ്യൂറോയിലേക്കുള്ള വഴി രേഖപ്പെടുത്തിയതാണ്. ഡെച്ചിൽ പോളിറ്റീ ബ്യൂറോ എന്നാണ് എഴുതിയിരിക്കുന്നത്. പെട്ടെന്ന് എന്നിലെ കമ്മ്യൂണിസ്റ്റ് രക്തം തിളച്ചു. കേരളത്തിലെ ഇടതു- വലതു കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ അംഗമല്ലെങ്കിലും ഞാൻ ഒരു കടുത്ത ഇടതു പക്ഷക്കാരനാണ്. അങ്ങിനെയുള്ള ഞാൻ ഹേഗിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ ആസ്ഥാനത്തേക്ക് ഉള്ള വഴിയുടെ ചൂണ്ട് പലക കണ്ടിട്ട് അവിടെ പോയി ഒരു റെഡ് സല്യൂട്ട് അർപ്പിക്കാതെ തിരിച്ചുപോരുന്നത് എങ്ങിനെ? ഇങ്ങനെയൊരു ചൂണ്ടു പലക വെക്കാൻ മാത്രം ഹോളണ്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടി വളർച്ചയും അംഗീകാരവും നേടിയതിൽ സത്യമായിട്ടും ഞാൻ അഭിമാനിച്ചു. മറ്റ് സർക്കാർ ഓഫിസ്സുകളുടെ ആസ്ഥാനം ഹേഗിലായതു പോലെ തന്നെയാകും ഹോളണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആസ്ഥാനമായ പോളിറ്റ് ബ്യൂറോയും ഹേഗിലായത് എന്ന കാര്യത്തിൽ എനിക്ക് സംശയമേ ഉണ്ടായിരുന്നില്ല. ഏഷ്യാനെറ്റ് ന്യൂസിന്റെ ലേഖകൻ പ്രശാന്ത് രഘുവംശം ഇടക്കിടക്ക് ദില്ലിയിൽ സിപിഎമ്മിന്റെ അവലൈബിൾ പോളിറ്റ് ബ്യൂറോ യോഗം ദില്ലിയിൽ നടക്കുന്നതിനെ കുറിച്ച് റിപ്പോർട്ട് ചെയ്യാറുള്ളത് ഞാൻ ഓർമ്മിച്ചു. അതുപോലെ ഹോളണ്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അവൈലബിൾ പോളിറ്റ് ബ്യൂറോയോഗം അവിടെ നടക്കുന്നുണ്ടെങ്കിൽ അൽപ്പം കാത്തുനിന്നിട്ടായാലും ഹോളണ്ടിലെ പോളിറ്റ് ബ്യൂറോ മെമ്പർമാരെ പരിചയപ്പെടണം എന്ന് ഞാൻ നിശ്ചയിച്ചു. പ്രകാശ് കാരാട്ട്, വി.എസ്. അച്ചുതാനന്ദൻ, പിണറായി വിജയൻ, എ.ബി. ബർദൻ, വെളിയം ഭാർഗവൻ എന്നിവരെയൊക്കെ അവർ അറിയുമായിരിക്കും. ഹോളണ്ടിലെ കമ്മ്യൂണിസ്റ്റ് നേതാക്കളായതു കൊണ്ട് തോമസ് ഐസക്കിനെ എന്തായാലും അറിയാതിരിക്കില്ല, ഞാൻ മനസ്സിൽ കണക്കുകൂട്ടി. എന്റെ ആവേശം കണ്ടപ്പോൾ പോളിറ്റ് ബ്യൂറോ കെട്ടിടത്തിലേക്ക് പോകുന്ന റോഡിലേക്ക് എഫിയും സൈക്കിൾ തിരിച്ചു. 20 മിനിറ്റ് സൈക്കിൾ ചവിട്ടിയപ്പോഴേക്കും പോളിറ്റ് ബ്യൂറോ കെട്ടിടത്തിന് മുന്നിലെത്തി. ബ്രിയാട്രീസ് രാഞ്ജിയുടെ കൊട്ടാരത്തിന്റേതു പോലെ പോളിറ്റ് ബ്യൂറോയ്ക്കും മതിൽ കെട്ടില്ല. പക്ഷെ ഒരു പാട് പോലീസ്സുകാർ അവിടെയുണ്ട്. ഉണ്ടാകാതിരിക്കുന്നത് എങ്ങിനെ? അത് ഹോളണ്ടിലെ പോലീസ് ആസ്ഥാന മന്ദിരമാണ്. ഡെച്ചിൽ പോളിറ്റ് ബ്യൂറോ എന്നാൽ പോലീസ് സ്റ്റേഷൻ എന്നാണത്രേ അർത്ഥം. *(തുടരും)*